ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 1-8-2012-ൽ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന സാധനങ്ങളുടെ എണ്ണം പുനർനിർണ്ണയിച്ചു. സപ്ലൈകോ വിൽപ്പനശാലകളിൽ പൊതുവെ വിൽപ്പന കുറവുള്ളതും, ജനങ്ങൾ കൂടുതലായി ആവശ്യപ്പെടാത്തതുമായ ഉഴുന്നുപരിപ്പ്, കടുക്, ജീരകം, ഉലുവ, പീസ് പരിപ്പ്, ബോധന അരി എന്നീ ഇനങ്ങളെ സബ്സിഡി നൽകുന്നതിൽനിന്ന് ഒഴിവാക്കുകയും പകരം കേരളത്തിലെ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്ന ചെറുപയർ, വൻകടല, ജയ അരി, കുറുവ അരി, വെളിച്ചെണ്ണ എന്നിവയെ സബ്സിഡി നൽകുന്ന ഇനങ്ങളിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട് വില പുനർ നിർണ്ണയിച്ചതിന്റെ വിവരങ്ങൾ അനുബന്ധം ഒന്നായി ചേർക്കുന്നു.*

(സി) ഒരു ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ അന്യസംസ്ഥാനങ്ങളിലുണ്ടാകുന്ന അവശ്യ വസ്തുക്കളുടെ ദൗർലഭ്യം, വിളനാശം, കാലാവസ്ഥാ വ്യതിയാനം, കടത്തുകൂലി വർദ്ധനവ് മുതലായ കാരണങ്ങളാൽ വിലവർദ്ധനവ് ഉണ്ടായിട്ടുണ്ട്. അതുപോലെ സപ്ലൈകോ വാങ്ങൽ വില, കടത്തുകൂലി, കയറ്റിയിറക്ക് കൂലി, അഡ്മിനിസ്ട്രേറ്റീവ് ഉൾപ്പെടെയുള്ള മറ്റ് ചെലവുകൾ എന്നിവ മാസംതോറും കൂടിക്കൊണ്ടിരിക്കുകയും വിൽപ്പന വില കൂട്ടാതിരിക്കുകയും ചെയ്തതുമൂലം സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്നതുമൂലമുള്ള നഷ്ടം വളരെയധികം വർദ്ധിക്കുകയും അത് സപ്ലൈകോയുടെ മാർക്കറ്റ് ഇടപെടൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ള പ്രതിദിന പ്രവർത്തനങ്ങളെ ബാധിക്കുന്ന രീതിയിൽ വളരുകയും ചെയ്തതുകൊണ്ടാണ് സബ്സിഡി സാധനങ്ങളുടെ വിൽപ്പന വില പുനർനിർണ്ണയിച്ചത്.

(ഡി) ഉണ്ട്. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സമിതി വിലവർദ്ധനവ് ശിപാർശ ചെയ്തിരുന്നു. 6-8-2014-ലെ മന്ത്രിസഭാ യോഗം വില വർദ്ധനവിന് അംഗീകാരം നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ച ഉത്തരവിന്റെ പകർപ്പ് അനുബന്ധം രണ്ടായി ചേർക്കുന്നു.*

സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ സബ്സിഡി

271 (1328) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷന് സബ്സിഡി ഇനത്തിലും നെല്ല് സംഭരണത്തിനും സംസ്ഥാന - കേന്ദ്ര സർക്കാരുകൾ എത്ര തുക വീതം നൽകാനുണ്ട് എന്ന് വിശദമാക്കാമോ ;

(ബി) സംസ്ഥാന സർക്കാർ നല്കേണ്ട തുക എന്നേക്ക് നൽകാനാകും; വിശദമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സബ്സിഡി ഇനത്തിൽ സപ്ലൈകോ വഹിക്കേണ്ടിവന്ന അധികചെലവ് ഇപ്രകാരമാണ്.

മാർക്കറ്റ് ഇന്റർവെൻഷൻ :

വർഷം	വിപണി ഇടപെടലിന് ലഭിക്കേണ്ട തുക (കോടിയിൽ)
2008-09	31.22
2009-10	123.33
2010-11	42.60
2011-12	46.61
2012-13	153.55
2013-14	201.94
2014-2015	114.35
ആകെ	713.50

നെല്ല് സംഭരണ വകയിൽ സംസ്ഥാന സർക്കാർ കോർപ്പറേഷന് 150.93 കോടി രൂപ നൽകുവാനുണ്ട്. നെല്ല് സംഭരിച്ച് സംസ്കരിച്ച് അരിയാക്കി പൊതുവിതരണ സമ്പ്രദായത്തിലൂടെ വിതരണം ചെയ്ത കണക്കുകൾ പരിഗണിച്ച് ത്രൈമാസ അടിസ്ഥാനത്തിലാണ് കേന്ദ്രസർക്കാർ സബ്സിഡി അനുവദിക്കുന്നത്. ഇപ്രകാരം സെപ്റ്റംബർ വരെ വിതരണം ചെയ്ത അരിയുടെ സബ്സിഡി കോർപ്പറേഷന് ലഭിച്ചിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് സപ്ലൈകോയ്ക്ക് തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.